## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1124** **30.10.2019 ൽ മറുപടിയ്ക്ക്**

### എടക്കര എക്സൈസ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി.അൻവർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ എടക്കര എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിലാണോ സ്ഥിതി ചെയ്യുന്നത്;എങ്കിൽ ആരുടെ വാടക കെട്ടിടമാണത് എന്ന് വ്യക്തമാക്കാമോ; | (എ) | അതെ. നിലമ്പൂർ താലൂക്കിൽ നിലമ്പൂർ അംശം ദേശത്ത് വെളിയംതോട് മാടത്തിങ്ങൽ ഉമ്മർ മകൻ സാദിഖലിയുടെ കെട്ടിടത്തിൽ ടി ഓഫീസ് സ്ഥിതിചെയ്യുന്നു . |
| (ബി) | ടി എക്സൈസ് ഓഫീസിലെ തൊണ്ടിമുതൽ വാഹനങ്ങൾ ശ്രീ.സാദിഖിന്റെ വീട്ടിലും പരിസരത്തുമായി അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി കാര്യത്തിൽ മുൻ എക്സൈസ് കമ്മീഷണറുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി ഉത്തരവ് നടപ്പിലാക്കാതെ നടപ്പിലാക്കിയെന്ന് എക്സൈസ് കമ്മീഷണർക്ക് മറുപടി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല പ്രസ്തുത സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് കെട്ടിട ഉടമ സമ്മതപത്രം നൽകിയിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഇത്തരത്തിൽ ഉത്തരവുകളൊന്നും നൽകിയിട്ടില്ല |
| (സി) | ടി സ്ഥലത്തു അനധികൃതമായി പാർക്ക് ചെയ്യാൻ തുടങ്ങിയിട്ട് എത്ര വർഷമായിയെന്ന് അറിയിക്കുമോ; | (സി) | അനധികൃതമായി പാർക്ക് ചെയ്തിട്ടില്ല. |
| (ഡി) | ടി കാലയളവിലെ വാടക നൽകാൻ തയ്യാറാകുമോ; | (ഡി) | 12/04/2016-ലെ സ.ഉ(സാധാ)നം.301/16/നി.വ. പ്രകാരം പ്രസ്തുത കെട്ടിടത്തിന് വാടക നൽകി വരുന്നു. |
| (ഇ) | അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ (തൊണ്ടി മുതൽ) എന്നത്തേക്ക് മാറ്റുമെന്ന് അറിയിക്കാമോ;ഉത്തരവ് നടപ്പിലാക്കാതെ സർക്കാരിനെ | (ഇ) | അനധികൃതമായി പാർക്ക് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി നൽകി ഗുരുതരവീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് എടുക്കുകയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ